● ഖുർആൻ ആശയ വിവരണം

കെ പി സകരിയ്യ

# തുലഞ്ഞുപോകട്ടെ അവൻ!

(അധ്യായം 74 • മുദ്ദഥിർ

ذَرۡنِي وَمَنۡ خَلَقۡتُ وَحِيدٗا ﴿١١﴾ وَجَعَلۡتُ لَهُۥ
مَالٗا مَّمۡدُودٗا ﴿١٢﴾ وَبَنِينَ شُهُودٗا ﴿١٣﴾ وَمَهَّدتُّ
لَهُۥ تَمۡهِيدٗا ﴿١٤﴾ ثُمَّ يَطۡمَعُ أَنۡ أَزِيدَ ﴿١٥﴾ كَلَّآۖ إِنَّهُۥ
كَانَ لِأٓيَٰتِنَا عَنِيدٗا ﴿١٦﴾ سَأُرۡهِقُهُۥ صَعُودًا ﴿١٧﴾
إِنَّهُۥ فَكَّرَ وَقَدَّرَ ﴿١٨﴾ فَقُتِلَ كَيۡفَ قَدَّرَ ﴿١٩﴾ ثُمَّ قُتِلَ
كَيۡفَ قَدَّرَ ﴿٢٠﴾ ثُمَّ نَظَرَ ﴿٢١﴾ ثُمَّ عَبَسَ وَبَسَرَ ﴿٢٢﴾
ثُمَّ أَدۡبَرَ وَٱسۡتَكۡبَرَ ﴿٢٣﴾ فَقَالَ إِنۡ هَٰذَآ إِلَّا سِحۡرٞ يُؤۡثَرُ
﴿٢٤﴾ إِنۡ هَٰذَآ إِلَّا قَوۡلُ ٱلۡبَشَرِ ﴿٢٥﴾ سَأُصۡلِيهِ سَقَرَ
﴿٢٦﴾ وَمَآ أَدۡرَىٰكَ مَا سَقَرُ ﴿٢٧﴾ لَا تُبۡقِي وَلَا تَذَرُ
﴿٢٨﴾ لَوَّاحَةٞ لِّلۡبَشَرِ ﴿٢٩﴾ عَلَيۡهَا تِسۡعَةَ عَشَرَ ﴿٣٠﴾

11. ഞാൻ ഒറ്റയ്ക്ക് സൃഷ്ടിച്ചവന്റെ കാര്യം എനിക്ക് വിട്ടേക്കുക.

12,13. ഞാനവന് സമൃദ്ധമായ സമ്പത്തും സർവസജ്ജരായ സന്താനങ്ങളെയും നൽകിയിരിക്കുന്നു.

14. ഞാൻ അവന് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തിരിക്കുന്നു.

15. എന്നിട്ടും കൂടുതൽ കിട്ടണമെന്ന് അവൻ മോഹിക്കുന്നു.

16. വേണ്ട. അവൻ നമ്മുടെ ദൃഷ്ടാന്തങ്ങളോട് മാത്സര്യം കാണിക്കുന്നവനായിരിക്കുന്നു.

17. ദുഷ്കരമായ മലകയറ്റത്തിന് ഞാനവനെ നിർബന്ധിക്കുന്നതാണ്.

18. അവൻ ആലോചിക്കുകയും കണക്കുകൂട്ടുകയും ചെയ്തു.

19. തുലഞ്ഞുപോകട്ടെ അവൻ! എങ്ങനെയായിരുന്നു അവന്റെ കണക്കുകൂട്ടൽ?

20. വീണ്ടും അവൻ തുലയട്ടെ! എന്തായിരുന്നു അവന്റെ കണക്കുകൂട്ടൽ.

21. പിന്നെയും അവൻ ആലോചിച്ചു.

22. പിന്നെ അവൻ നെറ്റി ചുളിച്ചു. മുഖം വീർപ്പിച്ചു.

23. എന്നിട്ട് അഹന്തയോടെ പിന്തിരിഞ്ഞു.

24. ഒടുവിൽ അവൻ ജൽപിച്ചു: ‘ഇത് കൃത്രിമമായ ആഭിചാരം മാത്രമാണ്’

25. ഇത് ഒരു മനുഷ്യവചനം മാത്രം.

26. നാമവനെ നരകത്തിലെറിയാൻ പോവുകയാണ്.

27. എന്താണ് നരകമെന്ന് നിനക്കറിയുമോ?

28. അത് ഒന്നിനെയും ബാക്കിവെക്കില്ല. ഒന്നിനെയും വെറുതെ വിടുകയുമില്ല.

29. അത് ചർമം കരിച്ച് വികൃത രൂപമാക്കും.

30. അതിന് പത്തൊമ്പത് പാറാവുകാരുണ്ട്.

## പദവിശകലനം

ذرني എനിക്ക് വിട്ടേക്കുക, ومن خلقت ഞാൻ സൃഷ്ടിച്ചവന്റെ കാര്യം, وحيدا ഒറ്റയ്ക്ക്, وجعلت ഞാൻ ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു, له അവന്, مالا സമ്പത്ത്, ممدودا സമൃദ്ധമായ, وبنين സന്താനങ്ങളെയും, شهودا സർവസജ്ജരായ, ومهدت ഞാൻ സൗകര്യപ്പെടുത്തിക്കൊടുത്തിരിക്കുന്നു, له അവന്, تمهيدا ഒരു സൗകര്യപ്പെടുത്തൽ, ثم يطمع എന്നിട്ടും മോഹിക്കുന്നു, أن أزيد ഞാൻ വർധിപ്പിച്ചുകൊടുക്കണമെന്ന്, كلا വേണ്ട, إنه كان നിശ്ചയം അവനായിരിക്കുന്നു, لآياتنا നമ്മുടെ ദൃഷ്ടാന്തങ്ങളോട്, عنيدا മാത്സര്യം കാണിക്കുന്നവൻ, سأرهقه ഞാനവനെ നിർബന്ധിക്കുന്നതാണ്, صعودا ദുഷ്കരമായ മലകയറ്റത്തിന്, إنه നിശ്ചയമായും അവൻ, فكر ആലോചിച്ചു, وقدر കണക്കുകൂട്ടുകയും ചെയ്തു, فقتل

അവൻ തുലയട്ടെ, كيف എങ്ങനെയാണവൻ, قدر കണക്കുകൂട്ടിയത്, ثم വീണ്ടും, قتل അവൻ തുലയട്ടെ, كيف എങ്ങനെയാണവൻ, قدر കണക്കുകൂട്ടിയത്, ثم പിന്നെയും, نظر അവൻ ആലോചിച്ചു, ثم പിന്നെ, عبس അവൻ മുഖം ചുളിച്ചു, وبسر കൂടുതൽ ചുളിക്കുകയും ചെയ്തു, ثم പിന്നെ, أدبر അവൻ പിൻതിരിഞ്ഞു, واستكبر അഹംഭാവം നടിച്ചു, فقال എന്നിട്ടവൻ ജൽപിച്ചു, إن هذا ഇത് അല്ല, إلا سحر ആഭിചാരം അല്ലാതെ, يؤثر കൃത്രിമമായ, إن هذا ഇതല്ല, إلاقول വാക്ക് അല്ലാതെ, البشر മനുഷ്യന്റെ, سأصليه ഞാനവനെ എറിയും, سقر നരകത്തിൽ, وما أدرك എന്താണ് നിനക്കറിയുക, ماسقر സഖർ എന്താണെന്ന്, لاتبقي അത് ഒന്നിനെയും ബാക്കി വെക്കില്ല, ولا تذر ഒന്നിനെയും വെറുതെ വിടുകയുമില്ല, لواحة അത് കരിച്ചു വികൃതരൂപമാക്കും, للبشر ചർമത്തെ, عليها അതിനുണ്ട്, تسعة عشر പത്തൊമ്പത് പേർ.

(1). عنيد എന്ന പദത്തെപ്പറ്റിയുള്ള വിശകലനം ഇമാം അബൂബക്കർ റാസി രേഖപ്പെടുത്തിയത് ഇപ്രകാരമാണ്:

عند من باب جلس أي خالق ورد الحق وهو يعرفه فهو (عنيد)

'അറിഞ്ഞുകൊണ്ട് യാഥാർഥ്യത്തെ നിരാകരിക്കുകയും നിഷേധിക്കുകയും ചെയ്യുക" (مختار الصحاح ١٩١)

(2). لواحة للبشر എന്ന വാക്യഖണ്ഡത്തിന്റെ വ്യാഖ്യാനം ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു:

عن عبد الله بن عباس(لواحد للبشر) قال:تلوح الجلد، فتحرقه، فيتغير لونه، فيصر أسود من الليل

തൊലിയെ ചൂടാക്കുകയും കരിച്ചുകളയുകയും ചെയ്യുന്നു. തദ്ഫലമായി അതിന്റെ വർണം മാറി രാത്രിയെക്കാൾ ഇരുണ്ടതായിത്തീരുന്നു. (موسوعة التفسير المأثور ٤٠٩/٢٢)

## ആശയം

പ്രബോധന പ്രവർത്തനങ്ങൾക്ക് മുമ്പിൽ വിലങ്ങുതീർക്കാൻ ശ്രമിച്ചവനാണ് വലീദുബ്നു മുഗീറ. പ്രഗത്ഭനായ കവിയും ഉന്നതസ്ഥാനീയനായ വ്യക്തിയുമാണ് താനെന്ന് കരുതുന്ന അയാളെ സത്യത്തിന്റെ ദൗത്യശബ്ദം സ്വാധീനിച്ചിരുന്നു. എന്നാൽ സമ്മർദങ്ങൾക്ക് വഴങ്ങിയും സ്ഥാനമാനങ്ങൾക്കു വിധേയനായും ആ സത്യം തുറന്നു പറയുന്നതിൽ അയാൾ വിമുഖനായി. ആലോചിച്ചും ചിന്തിച്ചും കണക്കുകൂട്ടിയും അയാൾ സത്യത്തിനെതിരിൽ ചില പ്രലപനങ്ങൾ നടത്തി. അയാളെ കൈകാര്യം ചെയ്യുന്ന കാര്യം സ്രഷ്ടാവായ നാം ഏറ്റെടുത്തിരിക്കുന്നു. അദ്ദേഹത്തെ നാം ഏകനായിട്ടാണ് സൃഷ്ടിച്ചത്. അതിനാൽ അവനെ പിടികൂടാൻ നാം ശക്തനാണ്. അവന്റെ കാര്യം എന്നിലേക്ക് വിട്ടേക്കുക. പ്രവാചകരേ, അങ്ങൊരിക്കലും വിഷണ്ണനാകേണ്ട.

ഇത്തരത്തിലുള്ള വ്യക്തികളുടെ പ്രവണതയുടെ അടിസ്ഥാനം അവരുടെ അഹന്തയാണ്. അവരുടെ അഹന്തയുടെ കാരണം ഭൗതിക സമൃദ്ധിയാലുള്ള അഹിതമായ ഊറ്റംകൊള്ളലാണ്. തന്റെ പണം, തന്റെ സന്താനങ്ങൾ, തന്റെ കുടുംബാംഗങ്ങൾ, തറവാട്, വിപുലമായ സുഹൃദ്ബന്ധങ്ങൾ എന്നിവയാണ് അഹന്തയുടെ കേദാരബിന്ദു. ജീവിത സൗകര്യങ്ങളുടെ മേച്ചിൽപ്പുറങ്ങളിൽ അവർ മേഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ അവർ അതിലൊന്നും തൃപ്തരാകുന്നില്ല. ഇനിയും ലഭിക്കണമെന്ന അതിമോഹത്തിലാണ്.

നാം നൽകുന്ന ദൃഷ്ടാന്തങ്ങൾക്കെതിരിൽ മാത്സര്യം പുലർത്താനാണ് അവർ ശ്രമിക്കുന്നത്. എന്നാൽ അത്തരക്കാരെ ദുർഘടമായ പാതയിലേക്ക് നാം തള്ളിവിടുന്നതാണ്. താൻ നടത്തേണ്ട പ്രസ്താവനകൾ അയാൾ ആലോചിച്ച് രൂപപ്പെടുത്തുകയാണ്. തെറ്റായ പ്രസ്താവനകൾക്ക് തുനിയുന്ന അയാൾ തുലഞ്ഞുപോകട്ടെ. അയാൾ എന്തെല്ലാം കണക്കുകൂട്ടലുകളാണ് ചെയ്തത്. പിന്നീട് അയാൾ നെറ്റി ചുളിക്കുകയും മുഖം വീർപ്പിക്കുകയും ചെയ്തു. ഖുർആൻ കൃത്രിമമായ ആഭിചാരം മാത്രമാണെന്ന് അയാൾ ജൽപിക്കുകയും ചെയ്തു. ഇത് ദൈവത്തിന്റെ വചനമല്ല എന്ന് തട്ടിവിടുകയും ചെയ്തു. കൃത്യമായി ബോധ്യപ്പെട്ടിട്ടും ഇത്തരം ജൽപനങ്ങൾ നടത്തുന്ന ഇയാളെ നാം നരകത്തിലെറിയുന്നതാണ്. നരകം സകലതിനെയും ഹിംസിച്ചു കളയുന്നതാണ്. ഒന്നിനെയും അത് വെറുതെ വിടുകയില്ല. ചർമങ്ങളെ കരിച്ച് അത് വികൃതരൂപമാക്കും. അതിന് പത്തൊമ്പത് പാറാവുകാരുണ്ട്. അഹങ്കാരത്തിന്റെ ഗോപുരങ്ങളിൽ നിന്ന് വിനയത്തിന്റെ സമതലങ്ങളിലേക്കിറങ്ങിവന്ന് സത്യത്തെ പുൽകാൻ തയ്യാറെടുക്കുക.

## ഒറ്റപ്പെട്ടവരായി വന്നെത്തുന്നവർ

ഏകനായ നിലയിലാണ് ഏകനായ സ്രഷ്ടാവ് മനുഷ്യനെ സൃഷ്ടിച്ചത്. അവൻ ഏകനായിത്തന്നെ വിചാരണയെ നേരിടേണ്ടിവരും. ഖുർആൻ പറയുന്നു:

وَلَقَدْ جِئْتُمُونَا فُرَادَىٰ كَمَا خَلَقْنَاكُمْ أَوَّلَ مَرَّةٍ وَتَرَكْتُم مَّا خَوَّلْنَاكُمْ وَرَاءَ ظُهُورِكُمْ ۖ وَمَا نَرَىٰ مَعَكُمْ شُفَعَاءَكُمُ الَّذِينَ زَعَمْتُمْ أَنَّهُمْ فِيكُمْ شُرَكَاءُ ۚ لَقَد تَّقَطَّعَ بَيْنَكُمْ وَضَلَّ عَنكُم مَّا كُنتُمْ تَزْعُمُونَ ﴿٩٤﴾

അല്ലാഹു അവരോട് പറയും: നിങ്ങൾ ഇന്ന് ഏകാകികളായി നമ്മുടെ മുന്നിൽ വന്നിരിക്കുന്നു, നിങ്ങളെ നാം ആദ്യഘട്ടത്തിൽ സൃഷ്ടിച്ചതുപോലെത്തന്നെ. നിങ്ങൾക്ക് നാം സംഭരിച്ചുതന്നതൊക്കെയും നിങ്ങൾ പിറകിലുപേക്ഷിച്ചുകഴിഞ്ഞു. നിങ്ങളുടെ പങ്കുകാരെന്നു നിങ്ങൾ വാദിച്ചിരുന്ന ശിപാർശകരെയൊന്നും നിങ്ങളുടെ കൂടെ നാം കാണുന്നില്ല. നിങ്ങൾ തമ്മിലുള്ള ബന്ധമറ്റിരിക്കുന്നു. നിങ്ങൾ ഉണ്ടെന്നു വാദിച്ചിരുന്നതെല്ലാം നിങ്ങളിൽ നിന്ന് വഴിമാറുകയും ചെയ്തിരിക്കുന്നു. (അൻആം 94)

وَنَرِثُهُۥ مَا يَقُولُ وَيَأْتِينَا فَرْدًا ﴿٨٠﴾

അവൻ പറഞ്ഞതെല്ലാം നമ്മുടെ കൈയിൽ വരും. നമ്മുടെ മുൻപിൽ അവൻ ഒറ്റയ്ക്ക് തന്നെ വരും (മർയം 80) ●